## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3812** 17.10..2011-ൽ മറുപടിക്ക്

### സൂപ്പർ ന്യൂമററിയായി നിയമനം നടത്തുന്നതിന് അടിയന്തിര നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ. വി. എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | കാറ്റഗറി നമ്പർ 258/2004 പ്രകാരം നിലവിലുള്ള ബോട്ട് ഡ്രൈവർ തസ്തികയിലേയ്ക്ക് സൂപ്പർ ന്യൂമററി യായി റിപ്പോർട്ട് ചെയ്ത 4 ഒഴിവുകളിൽ നിയമനം നടത്തുന്ന തിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാന ജലഗതാഗത വകുപ്പിലെ സൂപ്പർ ന്യൂമററിയായി 4 ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന നടപടി സ്വീകരിക്കേണ്ടത് പി.എസ്.സി യാണ്. |
| (ബി) | നിലവിൽ പ്രൊമോഷൻ വേക്കൻസിയായി ഒഴിച്ചിട്ടിരുന്ന 13 വേക്കൻസികളിലേയ്ക്ക് യോഗ്യരായവ രുണ്ടോ; | (ബി) | സംസ്ഥാന ജലഗതാഗത വകുപ്പിൽ നിലവിൽ 11 വേക്കൻസികളാണ് പ്രൊമോഷൻ മുഖേന നികത്തുന്ന തിനായി ഒഴിച്ചിട്ടിട്ടുള്ളത്. ബോട്ട് ലാസ്കർ തസ്തികയിൽ നിന്നും ബോട്ട് ഡ്രൈവർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് ബോട്ട് ഡ്രൈവർ ലൈസൻസ് ഉള്ള ബോട്ട് ലാസ്കർമാർ സംസ്ഥാന ജലഗതാഗത വകുപ്പിൽ ഉണ്ട്. പ്രൊബേഷൻ പൂർത്തിയാക്കിയാലുടൻ അവർക്ക് സ്ഥാനക്കയറ്റം നൽകുന്ന താണ്. |
| (സി) | എങ്കിൽ റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സംസ്ഥാന ജലഗതാഗതവകുപ്പിന്റെ സ്പെഷ്യൽ റൂൾസ് പ്രകാരം പ്രമോഷന് യോഗ്യതയുള്ളവരുണ്ടെങ്കിൽ ടി ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സാദ്ധ്യമല്ല. |

| | | | |
|---|---|---|---|
| (ഡി) | പുതിയ സർവ്വീസുകൾ ഉൾപ്പെടെ എത്ര ഒഴിവുകളാണ് നിലവിലുള്ള തെന്ന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ; | (ഡി) | സംസ്ഥാന ജലഗതാഗത വകുപ്പിന്റെ സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള റേഷ്യോ പ്രൊമോഷന് വേണ്ടി നീക്കിവച്ച 11 ഒഴിവുകൾ കൂടാതെ സൂപ്പർ ന്യൂമററി യായി റിപ്പോർട്ട് ചെയ്ത 4 ഒഴിവുകൾ ഉൾപ്പെടെ ആകെ 15 ഒഴിവുകളാണ് ബോട്ട് ഡ്രൈവർമാരുടെ തസ്തികയിൽ നിലവിലുള്ളത്. പുതിയ സർവ്വീസ് ആരംഭിച്ചപ്പോൾ ഉണ്ടായ 6 ഒഴിവുകളിൽ 3 ഒഴിവുകൾ മേൽ സൂചിപ്പിച്ച 11 പ്രൊമോഷൻ ഒഴിവു കളിൽ ഉൾപ്പെടുന്നുണ്ട്. ബാക്കി 3 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തതു പ്രകാരം അഡ്വൈസ് മെമ്മോ ലഭിച്ചിട്ടുണ്ട്. |
| (ഇ) | ഡ്രൈവർമാരുടെ ഒഴിവുകൾ അടിയന്തിരമായി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | റേഷ്യോ പ്രൊമോഷന് വേണ്ടി നീക്കിവച്ച 11 ഒഴിവുകൾ ഒഴികെ ബാക്കി ഒഴിവുകളെല്ലാം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |



സെക്ഷൻ ഓഫീസർ